# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1025** **05.02.2020-ൽ മറുപടിക്ക്**

### തോട്ടം തൊഴിലാളികളുടെ വേതന വർദ്ധനവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഐ.സി.ബാലകൃഷ്ണൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) തോട്ടം തൊഴിലാളികളുടെ വേതന വർദ്ധനവ് വരുത്തണമെന്ന ആവശ്യം അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) ഉണ്ട്. 13.12.2019-ാം തീയതി ബഹു.തൊഴിൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗ തീരുമാന പ്രകാരം സംസ്ഥാനത്തെ തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനായി 2020 ജനുവരി 23-ലെ ഇ 1/5/2020/തൊഴിൽ നമ്പർ പ്രകാരം പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം തൊഴിലാളികളുടെ പ്രതിദിന വേതനത്തിൽ 52 രൂപയുടെ വർദ്ധനവാണ് നിർദ്ദേശിച്ചിട്ടുള്ളത്. |
| (ബി) എന്നുമുതലാണ് ഈ ഉത്തരവ് പ്രാബല്യത്തിൽ വന്നത്; കുടിശ്ശിക തുക നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) തോട്ടം മേഖലയിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനമാണ് ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ളത്. ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ച ശേഷം അന്തിമ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് മാത്രമേ ഉത്തരവ് പ്രാബല്യത്തിൽ വരികയുള്ളൂ. പ്രാഥമിക വിജ്ഞാപനപ്രകാരം വേതന വർദ്ധനവിന് 01.01.2019 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണെന്നും<br>കുടിശ്ശിക തുക 31.03.2020-ാം തീയതിക്ക് മുമ്പായി തോട്ടം ഉടമകൾ തൊഴിലാളികൾക്ക് വിതരണം ചെയ്യണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ വർദ്ധനവിന്റെ ഗുണം എത്ര തൊഴിലാളികൾക്ക് ലഭിക്കുമെന്നാണ് കരുതുന്നതെന്ന് അറിയിക്കുമോ? | (സി) | സംസ്ഥാനത്തെ തോട്ടം മേഖലയിൽ ആകെ 57,562 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ഈ വർദ്ധനവിന്റെ ഗുണം പ്രസ്തുത തൊഴിലാളികൾക്കെല്ലാം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.